കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# ഓച്ചിറ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**
**e-mail:doklm.ksad@kerala.gov.in**

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)**

നം. കെ.എസ്.എ.കെ.എൽ.എം.പി8/1034/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം
ഫോൺ – 0474 – 2740141
ഇ-മെയിൽ : doklm.ksad@kerala.gov.in

തീയതി :08.08.2019

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

ഓച്ചിറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.എൽ.എം.പി8/1034/19 തീയതി. 08/08/2019

## കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ **ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2019 മുതൽ 16.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.06.2019 മുതൽ 01.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. പ്രീത.എസ്.എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനിൽ.ആർ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ലാല്യ.ആർ | അസി.ഓഡിറ്റ് ഓഫീസർ |
| | | |

| | | |
|---|---|---|
| | ശ്രീമതി.സുനിത സെബാസ്റ്റ്യൻ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അയ്യാണിക്കൽ മജീദ് | 01.04.2018 മുതൽ 15.01.2019 വരെ |
| | ശ്രീമതി.ലത്തീഫ ബീവി | 16.01.2019മുതൽ 01.03.2019വരെ |
| | ശ്രീ.ആർ.രാജേഷ്കുമാർ | 02.03.2019മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ.ജോൺസൺ പീറ്റർ കാർഡോസ് | 01.04.2018മുതൽ 29.06.2018 വരെ |
| | ശ്രീ.രാധാകൃഷ്ണൻ | 30.06.2018മുതൽ 31.03.2019വരെ |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസി.സെക്രട്ടറി | ശ്രീ.സുരേഷ്കുമാർ.ബി | 01.04.2018 മുതൽ 31.03.2019വരെ |
| അസി.എഞ്ചിനീയർ | ശ്രീ.ഷെരീഫ്.റ്റി.എം | 01.04.2018 മുതൽ 31.03.2019വരെ |
| വി.ഇ.ഒ | ശ്രീ.എം.അബ്ദുൾ സലിം | 01.04.2018മുതൽ 09.10.2018വരെ |
| | ശ്രീ.ജാവേദ്.ജെ | 01.04.2018മുതൽ 20.10.2018വരെ |
| | ശ്രീ.അനീഷ്യ.എസ് | 23.10.2018മുതൽ 31.03.2019വരെ |
| | ശ്രീമതി.രതി.റ്റി.ജെ | 23.10.2018മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.വാസന്തി | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീമതി.ശുഭ.സി | 21.06.2018മുതൽ 31.03.2019വരെ |
| അഗ്രികൾച്ചർ ഓഫീസർ | ശ്രീമതി.സുമാറാണി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.രമ | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 30.04.2018 വരെ |
| | ഡോ.രതീഷ്കുമാർ | 01.05.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ബീന | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുനിൽകുമാർ | 01.04.2018 മുതൽ 31.05.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷാജികുട്ടി | 01.06.2018 മുതൽ 17.09.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷൈനി.ആർ | 18.09.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജാക്വിലിൻ.എം. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.എച്ച്.അപ്രസ്സ്ജഹാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.കൃഷ്ണകുമാർ.റ്റി.ജെ | 01.04.2018 മുതൽ 30.08.2018 വരെ |
| | ശ്രീമതി.പദ്മജാദേവി.ആർ | 31.08.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി. | 1-7 |
| | | |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് | 2-1 |
| 14 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫാറം വില പഞ്ചായത്തിൽ വരവ് വന്നിട്ടില്ല | 2-2 |
| 15 | ബിൽഡിംഗ് പെർമിറ്റ് അവലോകനം | 2-3 |
| 16 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 2-4 |
| | ഭാഗം 3 | |
| 17 | തെരുവ് വിളക്ക് പരിപാലനം -അടാട്ട് മാതൃക- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ വൈദ്യുതി വിതരണസംവിധാനം കാര്യക്ഷമമാകുന്നില്ല. | 3-1 |
| 18 | ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച തുക തനത് ഫണ്ടിലടയ്ക്കാതെ കരാറുകാരന് നേരിട്ട് നൽകി-1,800/- രൂപ നിരാകരിക്കുന്നു | 3-2 |
| 19 | വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ – രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സം ചെയ്യുന്നു | 3-3 |
| 20 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ -വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ് – ചെലവു തുക തടസ്സം ചെയ്യുന്നു. | 3-4 |
| 21 | വിദ്യാർത്ഥികൾക്ക് ആകാശയാത്ര – പദ്ധതി മാർഗ്ഗരേഖ വിരുദ്ധം | 3-5 |
| 22 | അനിവാര്യമായ മരാമത്ത് പ്രവർത്തികൾ ഒറ്റ പ്രവൃത്തിയായി പൂർത്തിയാക്കണം | 3-6 |
| 23 | പാലിന് സബ്സിഡി – അധിക ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചില്ല | 3-7 |
| 24 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്ത ബോർഡ് സ്ഥാപിക്കാൻ കുടുംബശ്രീക്ക് അനുമതി | 3-8 |
| 25 | ലൈഫ് ഭവനനിർമ്മാണ പദ്ധതി -അവലോകനം. | 3-9 |
| 26 | കർഷക ഗ്രൂപ്പുകൾക്ക് കാട് വെട്ടി യന്ത്രം-രജിസ്ട്രേഷൻ രേഖകളില്ല. 69,933/-രൂപ തടസ്സപ്പെടുത്തുന്നു | 3-10 |

| | | |
|---|---|---|
| 27 | പാലിയേറ്റീവ് കെയർ- മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാൻ ശേഷിക്കുന്നു. | 3-11 |
| 28 | സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തി | 3-12 |
| | ഭാഗം-4 | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപം | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 36 | ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 39 | അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം 2018-19 | 1 |
| 40. | അനുബന്ധം-2, പത്രികകൾ | 2 |

## ഭാഗം -1
## പൊതു അവലോകനം

## 1-1 ബജറ്റ്

14/3/18 തീയതിയിലെ 1 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-19 | 1-04-19 | ---- | 21-05-2019 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17/6/19,18/6/19 | കെ.എസ്.എ.കെ.എൽ.എം. പി.8/1034/19,തീയതി-08/08/2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,95,19,209 |
| വരവ് | 9,38,89,791 |
| ആകെ | 11,34,09,000 |
| ചെലവ് | 9,12,20,752 |
| നീക്കിയിരിപ്പ് | 2,21,88,248 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ (ACR പ്രകാരം) | 0 | 17610291 | 17610291 | 17610291 | 0 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 6306000 | 6306000 | 6306000 | 0 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 293000 | 293000 | 293000 | 0 |
| മെയിന്റനൻസ്, | 0 | 8395000 | 8395000 | 8395000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3588000 | 3588000 | 3588000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8076000 | 8076000 | 8076000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 53800 | 65 | 53865 | 53330 | 535 |
| ദുരിതാശ്വാസനിധി | | 19055 | 18419 | 37474 | 31000 | 6474 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 32094370 | 32094370 | 32094370 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 304485 | 450281 | 754766 | 740283 | 14483 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ/ റ്റി.എസ്.സി | | 868501 | 205172 | 1073673 | 150870 | 922803 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ ഐ.സി.ഡി.എസ് | | 2641452 | 869475 | 3510927 | 500000 | 3010927 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ലൈഫ്) | | 0 | 13617486 | 13617486 | 13617486 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 4695046 | 4695046 | 2229388 | 2465658 |
| | ജില്ലാ പഞ്ചായത്ത് | 107746 | 2366705 | 2474451 | 1833526 | 640925 |
| ബി ഫണ്ട് | | 0 | 508800 | 508800 | 508800 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 11139284 | 11139284 | 11139284 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8705573 | 14774717 | 23480290 | 13713687 | 9766603 |
| | ട്രഷറി അക്കൗണ്ട് | 6818597 | 976050 | 7794647 | 2434807 | 5359840 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 11,84,93,975 | 101 | 7,08,90,644 | 39 | 11 | 66.89 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,04,485 | 4,50,281 | 7,54,766 | 7,40,283 | 14,483 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,20,94,370 | 3,20,94,370 | 3,20,94,370 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,68,800 | 292 |
| കർഷകതൊഴിലാളി പെൻഷൻ | 55,04,400 | 429 |
| വിധവാപെൻഷൻ | 1,27,66,000 | 1094 |
| വാർദ്ധക്യകാലപെൻഷൻ | 2,44,68,700 | 2123 |
| വികലാംഗപെൻഷൻ | 47,61,200 | 387 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 2,40,000 | 8 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 5,44,100 | 46 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/6/19 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,235/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

- ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
- അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.
- വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

- തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ.(സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.
- സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.
- 2017-18 സാമ്പത്തിക വർഷാവസാനം 18-19 ൽ ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ച തുക തനത് വരുമാനമാക്കാതെ കരാറുകാരന് നൽകിയത് ശ്രദ്ധയിൽപ്പെട്ടു. (വിശദവിവരം ഖണ്ഡികയായി ചേർത്തിട്ടുണ്ട്.) ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
- ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
- പഞ്ചായത്ത് പരിധിയിലുള്ള 1067 കച്ചവടസ്ഥാപനങ്ങളിൽ 530 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഡി & ഒ. ലൈസൻസ് ഉള്ളത്. കാലാഹരണപ്പെട്ട ഡിപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.
- സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പറുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. മോണിറ്ററിംഗ് സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. മാർഗ്ഗരേഖ പ്രകാരമല്ലാതെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.തെരുവ് വിളക്കുസംവിധാനം കാര്യക്ഷമമല്ല. വാറ്റ് ഇനത്തിൽ കുടിശ്ശിക തുക സർക്കാരിലേയ്ക്ക് നാളിതുവരെ അടവാക്കിയിട്ടില്ല. പാലിയേറ്റീവ് നഴ്സ്മാർക്ക് തനത് ഫണ്ടിൽ നിന്നും ശമ്പളം ഇനത്തിൽ നല്കിയ തുക ക്രമീകരിച്ചിട്ടില്ല.
- പദ്ധതികൾ മാർഗ്ഗരേഖ വിരുദ്ധമായി നടപ്പിലാക്കിയിട്ടുണ്ട്. അനിവാര്യമായ മരാമത്ത് പ്രവൃത്തികൾ ഒറ്റ പ്രവൃത്തിയായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അധിക ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/5/19 - 16/5/19 | 1/19, 2/19, 3/19 | 15.06.2019 |
| അക്കൗണ്ടന്റ് | 2/05/18 - | 1997-98 മുതൽ | 30.06.2018 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | 16/05/18 | 2007-08 വരെ | |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1) തൊഴിൽ രഹിതവേതനം RP-7 -ൽ 3,17,880/- രൂപയാണ് വരവ്. എന്നാൽ രജിസ്റ്റർ പ്രകാരം 2,68,800/- രൂപയാണ് ചെലവ്. വ്യത്യാസം വന്ന 49,080/-രൂപ ട്രഷറി ചെല്ലാൻ നം.13237476/20-3-19 പ്രകാരം പ്രകാരം തിരിച്ചടച്ചത് വരവ് ഹെഡ്ഡിന് (160100301) പകരം ചെലവ് ഹെഡ്ഡ് (254200101) ൽ ആണ്. ആയതിനാൽ വാർഷികകണക്കിൽ തൊഴിൽ രഹിതവേതനം 3,17,880/- രൂപയായി നിലനിൽക്കുന്നു.

2.B-18 ലോൺസ്, അഡ്വാൻസ്സ് , ഡെപ്പോസിറ്റ്സ് എന്ന ഹെഡ്ഡിൽ ഇംപ്രസ്റ്റ് ഉൾപ്പെടുത്തിയിട്ടില്ല.

ABSTRACT OF DEFECTS/DISCREPANCIES

1. Actual expenditure in respect of unemployment allowance is Rs. 2,68,800/- . In AFS , the amount shown as receipt is Rs. 317880/- . Difference Rs. 49,080/-
2. Permanent advance/imprest is not included in B-18 schedule.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1067 കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 530 സ്ഥാപനങ്ങൾ മാത്രമെ ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളു മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 100% നികുതി പിരിവ് നടത്തുന്നതിനുള്ള തിരക്ക് കാരണമാണ് മുഴുവൻ വ്യാപാര സ്ഥാപനങ്ങളേയും ലൈസൻസ് എടുപ്പിക്കുവാൻ കഴിയാതിരുന്നതെന്നുള്ള മറുപടിയാണ് ഹാജരാക്കിയത് . മാത്രമല്ല 2019 – 2020 സാമ്പത്തിക വർഷത്തിൽ മുഴുവൻ സ്ഥാപനങ്ങളേയും കൊണ്ട് ലൈസൻസ് എടുപ്പിക്കുവാനുള്ള നടപടികളും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാവെന്നും അറിയിച്ചിട്ടുണ്ട്. (കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിയെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല.). മേൽ നിർദ്ദേശം പാലിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം 13/29.06.2019**

## 2-2. മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫാറം വില പഞ്ചായത്തിൽ വരവ് വന്നിട്ടില്ല.

കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ള ഇ-ടെണ്ടർ ഫാറം വിലയായ 40,400/-രൂപ പഞ്ചായത്തിൽ വരവ്

വന്നിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | ടെണ്ടർ ഫീസ് ₹ |
|---|---|---|
| 1 | മെറ്റീരീയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ | 4,800 |
| 2 | ചെമ്പുവിള ജംഗ്ഷൻ വട്ടത്തറ ജംഗ്ഷൻ റോഡ് ടാറിംഗ് | 3,000 |
| 3 | എൻ.എച്ച്.മല്ലശേരിൽ ജംഗ്ഷൻ റോഡ് റീ ടാറിംഗ് | 3,600 |
| 4 | പാവൂർ ജംഗ്ഷൻ വാഴപ്പള്ളി കീഴക്കതിൽ റോഡ് ടാറിംഗ് | 3,600 |
| 5 | അപ്പു സ്റ്റോഴ്സ് കോട്ടയിൽ ജംഗ്ഷൻ റോഡ് ടാറിംഗ് | 4,800 |
| 6 | പറയന്റെ തെക്കതിൽ മണിമംഗലം റോഡ് കോൺക്രീറ്റ് | 3,000 |
| 7 | അങ്കണവാടി നവീകരണം | 5,000 |
| 8 | പാലക്കോട്ട് ജംഗ്ഷൻ മുട്ടത്ത് ജംഗ്ഷൻ ഓട നിർമ്മാണം | 5,400 |
| 9 | ആലുത്തിട്ട എസ് എസ് മൻസിൽ റോഡ് കോൺക്രീറ്റ് | 2,200 |
| 10 | എസ്.ആർ.കെ കാവനാൽ ഓട നിർമ്മാണം. | 2,600 |
| 11 | തെവലശ്ശേരി ജംഗ്ഷൻ ഓച്ചോളി ജംഗ്ഷൻ റോഡ് ടാറിംഗ് | 1,150 |
| 12 | കളംകണ്ടത്തറ തഴത്തോട് റോഡ്ടാറിംഗ് | 1,250 |
| | **ആകെ** | **40,400** |

ഇ-ടെണ്ടർ തുക പഞ്ചായത്തിൽ വരവ് വയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ബിൽഡിംഗ് പെർമിറ്റ് അവലോകനം

2018-19 സാമ്പത്തിക വർഷം ഓച്ചിറ ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റിനായി 160 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 131 എണ്ണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 29 എണ്ണം പ്ലാൻ കറക്ഷൻ, ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടത്, സർവേ കറക്ഷൻ ആവശ്യമുള്ളത് , ഹൈവേ ഭൂപരിധി ഇല്ലാത്തത് എന്നീ കാരണങ്ങളാൽ നിരസിച്ചിട്ടുള്ളതാണ്.

## 2-4 കാലഹരണപ്പെട്ട ഡിപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

പഞ്ചായത്തിലെ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2014-15 കാലയളവിൽ വിവിധ പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം./തീയതി | നിക്ഷേപകൻറെ<br>മേൽവിലാസം , ഉദ്ദേശ്യം | തുക<br>₹ |
|---|---|---|
| ലഭ്യമല്ല<br>3-7-2014 | അനിൽ കുമാർ, കണല്ലൂർ<br>തെക്കതിൽ, മേമന<br>ഇ.എം.ഡി തുക | 15,000 |
| 11401102812<br>24-7-2014 | അനിൽ കുമാർ, കണ്ടല്ലൂർ<br>തെക്കതിൽ, മേമന ,<br>സെക്യൂരിറ്റി ഡിപ്പോസിറ്റ് | 15,000 |
| 11401103945<br>18-9-14 | കിക്കോ ബിസിനസ്സ് ഗ്രൂപ്പ് | 5,000 |
| 11401111768<br>19-3-2015 | ശശി.എൻ, മണപ്പുറത്ത് വീട് | 19,000 |
| 11401108654<br>28-1-15 | പ്രതാപ് കുമാർ, വാനിയത്തിൽ, ചിറ്റൂർ<br>സെക്യൂരിറ്റി ഡിപ്പോസിറ്റ് | 17,000 |
| 11401109797<br>12-2-15 | പ്രതാപ് കുമാർ, വാനിയത്തിൽ, ചിറ്റൂർ<br>സെക്യൂരിറ്റി ഡിപ്പോസിറ്റ് | 17,000 |
| 11401103947<br>18-9-14 | K.M. ടെക്നോളജീസ് | 5,000 |
| 11401103950<br>18-9-14 | ആവലോൺ സിസ്റ്റംസ് &<br>സർവ്വീസ് | 5,000 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1, ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് സാമ്പത്തിക വർഷത്തിൽ അധികം നിക്ഷേപകൻ അവകാശമുന്നയിക്കാത്ത നിക്ഷേപങ്ങൾ എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാനം തനത്ഫണ്ട് അക്കൌണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. കാലഹരണപ്പെട്ട ടി തുകകൾ അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവ് വിളക്ക് പരിപാലനം -അടാട്ട് മാതൃക- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ വൈദ്യുതി വിതരണസംവിധാനം കാര്യക്ഷമമാകുന്നില്ല.

അടാട്ട് മാതൃക അവലംബിക്കുന്ന ഇതര ഗ്രാമപഞ്ചായത്തുകൾക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (ജി.2-44274/2015 തീയതി. 17.08.2015) പാലിക്കുന്നതിൽ ഓച്ചിറ പഞ്ചായത്തിൽ മുൻ വർഷം പോലെ തന്നെ തൻവർഷവും അപാകതകൾ സംഭവിച്ചതായി ഓഡിറ്റിൽ കണ്ടെത്തി.

മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിലും തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തി.

(1) പരാതികൾ സ്വീകരിക്കാൻ നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിച്ചിട്ടില്ല.

(2) തെരുവ് വിളക്കുകളെ സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ നോഡൽ ഓഫീസർ മെയിയിന്റനന്സ് ടീമിന് കൈമാറുകയോ ചെയ്തിട്ടില്ല.

(3) പരിഹരിച്ച പരാതികളുടെ വിവരം നോഡൽ ഓഫീസർ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(4) വാർഡ് തലത്തിൽ മെമ്പർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി കെ.എസ്.ഇ ബി ഉദ്ധ്യോഗസ്ഥരെ പങ്കെടുപ്പിച്ച് മാസത്തിലൊരിക്കൽ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

(5) കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തിട്ടില്ല.

(6) മെയിന്റനൻസ് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുന്നതിൽ സെക്രട്ടറി സൂക്ഷ്മത പുലർത്തിയിട്ടില്ല.

തൻവർഷം എൽ.ഇ.ഡി. വിളക്കുവാങ്ങൽ എന്ന പദ്ധതിക്കായി വികസനഫണ്ട് 10,74,395/- രൂപയും ധനകാര്യകമ്മിഷൻ ഗ്രാന്റ് 7,000/രൂപയും വകയിരുത്തുകയും, 316 എണ്ണം വിളക്കുകൾ സ.ഉ.(സാ.ധാ) നം 2330/2018 തസ്വഭവ 31.08.2018 പ്രകാരം 1074395/-,ചെലവഴിച്ച് വാങ്ങുകയും ചെയ്തു. എൽ.ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചു എന്ന് വ്യക്തമാക്കുന്ന കെ.എസ്.ഇ.ബി യുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കേണ്ടതാണ്.

തെരുവ് വിളക്ക് സ്ഥാപിക്കൽ, പരിപാലനം, തൊഴിൽ കൂലി നൽകൽ (46/2018-19) പദ്ധതിക്കായി 5,28,100/- രൂപ വകയിരുത്തി. (തെരുവ് വിളക്ക് പരിപാലനത്തിനായി 2,79,100/-രൂപ, തെരുവ് വിളക്ക് വാങ്ങലിനായി, 2,49,000/-) ഇതിൽ നിന്നും 94,050/-

രൂപ (1254 പോസ്റ്റിന് 75/- രൂപ നിരക്കിൽ ) തൊഴിൽ കൂലി നൽകുന്നതിനും, 1,73,023/- രൂപ ട്യൂബ് (36 വാട്ട്) സി.എഫ് എൽ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങിയതിന്റെ ചെലവായി കൊച്ചുമേലതിൽ ഏജൻസീസിനും നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ തൊഴിൽകൂലി നൽകിയതുൾപ്പെടെ ആകെ 1429 (1254+175)പോസ്റ്റുകളിൽ മെയിന്റനൻസിനായി 290 ട്യൂബ് (36 വാട്ട്) , 948 സി.എഫ് എൽ (20 വാട്ട്) എന്നിവ വിതരണം ചെയ്യുകയും ആയത് സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ ഹാജരാക്കിയ പത്രികയിൽ (മെയിന്റനൻസ് തീയതി രേഖപ്പെടുത്തിയിട്ടില്ല) സൂചിപ്പിക്കുന്നു. പ്രസ്തുത പത്രികയിൽ 17 വാർഡുകളിലായി 163 ഓട്ടോമാറ്റിക് മെയിന്റനൻസ് രേഖപ്പെടുത്തി കാണുന്നു. വിളക്കുകൾ സ്ഥാപിക്കാത്ത പോസ്റ്റുകളിലാണ് ഓട്ടോമാറ്റിക് മെയിന്റനൻസ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിലെ വൈരുദ്ധ്യം വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം ശരിയല്ല എന്ന് വ്യക്തമാകുന്നു.

പഞ്ചായത്ത് തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് കെ.എസ്.ഇ.ബി അധികാരികളുമായി സംയുക്തമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അടാട്ട് മാതൃക നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-2 ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച തുക തനത് ഫണ്ടിലടയ്ക്കാതെ കരാറുകാരന് നേരിട്ട് നൽകി-1800/- രൂപ നിരാകരിക്കുന്നു.

പദ്ധതി – മൊബൈൽ സെയിൽസ് ആന്റ് സർവ്വീസ് യൂണിറ്റ് – മോട്ടോർ ഘടിപ്പിക്കാത്ത നാലു ചക്ര വാഹനം. (എസ്.ഒ.122/2018)

അടങ്കൽ വികസന ഫണ്ട് - 1,25,000/-രൂപ

ഗുണഭോക്തൃവിഹിതം - 31,250/-രൂപ, (സ്ഥാപനത്തിൽ അടയ്ക്കുന്നത്)

ആകെ 1,56,250/-രൂപ വകയിരുത്തൽ

ചെലവ് തുക 10/2017-18 തീയതി – 24.03.2018, 1,18,000/-രൂപ (ബിൽ നം./തുക – 1,18,000/-രൂപ)

നിർവ്വഹണോദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മൊബൈൽ സെയിൽസ് ആന്റ് സർവ്വീസ് യൂണിറ്റ് – മോട്ടോർ ഘടിപ്പിക്കാത്ത നാലു ചക്ര വാഹനം എന്ന പദ്ധതിയ്ക്കായി 5 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. പദ്ധതി ചെലവിന്റെ 20% ഗുണഭോക്തൃവിഹിതമിനത്തിൽ സ്ഥാപനത്തിൽ അടയ്ക്കണം എന്നാണ് പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്. രണ്ടിലേറെ തവണ ടെണ്ടർ നടത്തിയിട്ടും വിതരണക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്കായ 29,500/-രൂപ ക്വാട്ട് ചെയ്ത ഹമാദ മെറ്റൽസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 17.02.2018 ലെ 1/6 നമ്പർ തീരുമാനപ്രകാരം തെരഞ്ഞെടുത്തു. യൂണിറ്റ് ഒന്നിന്റെ വിലയായ 29,500/- രൂപയുടെ 20% മായി 5,900/-രൂപ ഓരോ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കേണ്ടിയിരുന്ന സാഹചര്യത്തിൽ 5 ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത

25,000/- രൂപ 17-18 സാമ്പത്തിക വർഷം തനത് ഫണ്ടിൽ അടച്ചിട്ടുണ്ട്. 2019-20 വർഷത്തെ രസീത് ബുക്ക് നം. 88/15472 തീയതി. 14.05.2019 പ്രകാരം അബ്ദുൾ റഹ്മാൻ, കണ്ണാടി തെക്കതിൽ പ്രകാരം പിരിച്ചെടുത്ത 900/- രൂപ, 89/15472 (തീയതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം സോമൻ,സോമാലയം പിരിച്ചെടുത്ത 900/-രൂപ, ഉൾപ്പെടെ 1,800/- രൂപ തനത് ഫണ്ടിൽ അടവാക്കാതെ നേരിട്ട് കരാറുകാരന് നൽകിയതിന്റെ കൈപ്പറ്റ് രസീത് കരാറുകാരൻ ഹാജരാക്കി. ബാക്കി 3 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് അടയ്ക്കാതിരുന്നത് സ്വന്തം പിഴവ് മൂലമാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകി. (സ.ഉ (കൈ)., 22/2018/ത സ്വ.ഭ.വ തീയതി.14.02.2018 സബ്സിഡി മാർഗ്ഗരേഖയിൽ ജനറൽ വിഭാഗത്തിന് പരമാവധി 30,000/- രൂപയും എസ്.സി.എസ്.ടി ക്ക് 50,000/-രൂപ വരെയും പ്രസ്തുത പദ്ധതിക്ക് ആനുകൂല്യം നല്കാം എന്നു പറയുന്നു. ഗുണഭോക്തൃവിഹിതം വകയിരുത്തൽ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നില്ല. മാർഗ്ഗരേഖയിൽ ഗുണഭോക്തൃവിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച് 8.7 പറയുന്നത് ഗുണഭോക്തൃവിഹിതം വകയിരുത്തുന്ന പദ്ധതികളിൽ ആയത് മുൻകൂറായി ഈടാക്കി തനതുഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതും മറ്റൊരു നിർദ്ദേശമില്ലാത്ത പക്ഷം കരാറുകാരന് ഉചിതമായ സമയത്ത് കൈമാറേണ്ടതുമാണ്. ഗുണഭോക്തൃവിഹിതം തുക തനത് ഫണ്ടിൽ അടവാക്കാത്ത സാഹചര്യത്തിൽ ടി തുകയായ 1,800/- ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുക്കാത്ത 900 x 3 – 2,700/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**ഓഡിറ്റ് എൻക്വയറി നമ്പർ 6/25.06.2019**
**തടസ്സപ്പെടുത്തുന്ന തുക – 2,700/-രൂപ**
**നിരാകരിച്ച തുക – 1,800/-രൂപ**

## 3-3 വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സം ചെയ്യുന്നു.

പദ്ധതി നടത്തിപ്പിൽ എസ്റ്റിമേറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്,എന്നിവ ഹാജരാക്കാത്തതിനാൽ തുക തടസ്സം ചെയ്യുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ഗുണഭോക്താവിന്റെ പേര്/ മേൽവിലാസം | ബിൽ നം./ തുക |
|---|---|---|---|
| (1) | വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) എസ്.ഒ. 111/2019 | സുശീല.(വാർഡ്.8) പടീറ്റേടത്ത് ലക്ഷം വീട്, മഠത്തിൽ കാരാഴ്മ | ബിൽ നമ്പർ 1/2018-19 തീയതി. 18.05.2018 140000/-പ്രകാരം 25,000/-രൂപ ബിൽ നമ്പർ 11/-2018-19 തീയതി. 11.10.2018 പ്രകാരം 50,000/-രൂപ ഉൾപ്പെടെ 75,000/- രൂപ |
| (2) | പഠനമുറി നൽകൽ ( എസ്.ഒ. 110/2019) (എസ്.സി.പി) | 1.സാവിത്രി. (വാർഡ് 15) | ബിൽ നമ്പർ 7/17-18 തീയതി 17.03.2018 30,000/-രൂപ |

| | | | |
|---|---|---|---|
| | | വിഷ്ണു നിവാസ്. | ബിൽ നമ്പർ 5/18-19 തീയതി 13.06.2018 30,000/-രൂപ<br>ബിൽ നമ്പർ 12/18-19 തീയതി 11.10.2018 40,000/-രൂപ |
| | | 2.അനിത.ബി.<br>കൃഷ്ണകൃപ, കൊറ്റമ്പള്ളി,<br>മഠത്തിൽ കാരാഴ്മ | ബിൽ നമ്പർ 5/17-18 തീയതി.26.02.2018 30,000/-രൂപ<br>ബിൽ നമ്പർ 5/18-19തീയതി 13.06.2018 40,000/-രൂപ<br>ബിൽ നമ്പർ 7/18-19 തീയതി 24.06..2018 30,000/-രൂപ |

ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാത്തതിനാൽ തുക തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ -വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

| ക്രമ നം. | പദ്ധതി | ബിൽ നം/ തീയതി | തുക ₹ | തടസ്സപ്പെടുത്തിയ കാരണം/ റിമാർക്കസ് |
|---|---|---|---|---|
| 1 | എസ്.എസ്. എ പഞ്ചായത്ത് വിഹിതം അടയ്ക്കൽ | ബിൽ നം.1/ 2018-19 തീയതി 18.06.2018 | 5,00,000/- | വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| (2) ഡിപ്പോസിറ്റ് പ്രവർത്തികൾ | | | | |
| 2 (1) | പൈപ്പ് ലൈൻ നീട്ടൽ (എസ് .ഒ. ഒ.ഒ 6/2019) | ബിൽ നമ്പർ 27/18-19 തീയതി. 24.11.2018) | 21,00,000/- | കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 2 (2) | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ (എസ്.ഒ.ഒ.51/2019) | ബിൽ നമ്പർ 36/18-19 തീയതി 27.12.2018 | 85500/- | കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | | ഹാജരാക്കേണ്ടതാണ്. |
| 3 | 5 മുതൽ 17 വരെ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലിനായി കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ഓച്ചിറ | ബിൽ നമ്പർ 30/18-19 തീയതി 28.11.2018 | 12,93,516/- രൂപ | കെ.എസ്.ഇ.ബി നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ കൃഷ്ണപുരം | ബിൽ നമ്പർ 35/18-19 തീയതി 27.12.2018 അടവാക്കി. | 2,99,637/- രൂപ | കെ.എസ്.ഇ.ബി നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| | | ആകെ | 4278653/- | |

പദ്ധതി മാർഗ്ഗരേഖയിൽ പറയും പ്രകാരം ബന്ധപ്പെട്ട ഏജൻസികളുമായി തുക മുൻകൂർ നല്കുന്നതിന് മുമ്പ് കരാർ വയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 42,78,653/-രൂപ തടസ്സം ചെയ്യുന്നു.

## 3-5 വിദ്യാർത്ഥികൾക്ക് ആകാശയാത്ര-പദ്ധതി മാർഗ്ഗരേഖ വിരുദ്ധം

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകളിലേയ്ക്ക് വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും ആകർഷിക്കുക, കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി (53/2019) നമ്പരായി നടപ്പിലാക്കിയ പദ്ധതിയാണ് വിദ്യാർത്ഥികൾക്ക് ആകാശയാത്ര എന്ന പദ്ധതി. തനത് ഫണ്ടിൽ നിന്നും 2,00,000/-രൂപ വകയിരുത്തുകയും 1,89,650/- രൂപ ചെലവഴിക്കുകയും ചെയ്തു.

ചെലവ് വിശദാംശം

വിമാനയാത്ര ചാർജ് 74 x 2025 – 1,49,850/-രൂപ

(മംഗളം ട്രാവൽസ് & ടൂർസ്)

ബസ് ചാർജ് 35,000/-രൂപ

(കോമളത്ത് ട്രാവൽസ്)

ബാനർ 4,800/-രൂപ

(വിഷ്ണു)

ആകെ 1,89,650/-രൂപ

പഞ്ചായത്ത് പരിധിയിലുള്ള 4 സർക്കാർ പ്രൈമറി സ്കൂളുകളിലെ 4 ാം ക്ലാസിൽ പഠിക്കുന്ന 57 കുട്ടികളേയും സന്നദ്ധപ്രവർത്തനത്തിന് 8 അധ്യാപകർ, എസ്കോർട്ടിംഗ് വ്യക്തികളായി 2 പഞ്ചായത്ത് ജീവനക്കാർ , 7 മെമ്പർ മാർ ഉൾപ്പടെ 74 പേരാണ് ആകാശയാത്രയിൽ പങ്കെടുത്തത്. വിദ്യാർത്ഥികളെ ബസിൽ കൊച്ചിയിൽ എത്തിച്ച് അവിടെ നിന്നും ഫ്ലൈറ്റ് മാർഗ്ഗം തിരുവനന്തപുരത്ത് എത്തിച്ച് ഐ.എസ്. ആർ ഒ സന്ദർശനം നടത്തി തിരികെ ബസിൽ ഓച്ചിറ എത്തിച്ചിരിക്കുന്നു. പ്രോജക്ട് അംഗീകരിച്ചത് തിരുവനന്തപുരം കോഴിക്കോട് യാത്ര ആയിരുന്നു. പദ്ധതി റിവൈസ് ചെയ്തിട്ടില്ല. കൂടാതെ എസ്കോർട്ടിംഗ് വ്യക്തികളായി പഞ്ചായത്ത് മെമ്പർമാർ/ ജീവനക്കാർ പങ്കെടുത്തത് പദ്ധതി വിഭാവന ചെയ്തതിന് വിരുദ്ധമായിട്ടാണ്.

6.2.2018 ലെ വർക്കിംഗ് കമ്മിറ്റി , 15.03.2018 ലെ ജനറൽ കമ്മിറ്റി (1) തീരുമാനം പ്രകാരമാണ് പ്രസ്തുത പദ്ധതിക്ക് ഡി.പി.സി അംഗീകാരം വാങ്ങി നടപ്പിലാക്കിയത്. 10.08.2018 ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി സ്കൂൾകുട്ടികളുടെ ലിസ്റ്റ് നൽകുന്നതിന് എച്ച്.എം നെ ചുമതലപ്പെടുത്തി. 13.09.2018 ൽ ആകാശയാത്ര തീരുമാനമെടുത്തു, 04.10.18 ൽ ആകാശയാത്ര നടന്നു.

മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെടാത്ത പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അവയെ നൂതന പ്രോജക്ടിൽ ഉഴ്പ്പെടുത്തി ഡി.പി.സിയുടെ സബ് കമ്മിറ്റി പരിശോധിച്ചാണ് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരം അംഗീകാരം വാങ്ങിയല്ല പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളിൽ കുട്ടികൾക്ക് ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ലഭ്യമായ എല്ലാ വിഭവങ്ങളേയും പ്രയോജനപ്പെടുത്തുക, ഓരോ കുട്ടികളുടേയും പ്രതിഭ കണ്ടെത്തി ഉയർന്ന തലത്തിലേയ്ക്ക് വികസിക്കുന്നതിനുള്ള അനുഭവങ്ങൾ ഉറപ്പാക്കുക, പഠനത്തിൽ പിന്നിലായ കുട്ടികളെ പഠനപിൻതുണ നല്കി മുന്നിലേയ്ക്ക് കൊണ്ടുവരിക എന്നിവയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്.

മേൽ പരാമർശിത കാരണങ്ങളാൽ പദ്ധതിചെലവായ 1,89,650/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 അനിവാര്യമായ മരാമത്ത് പ്രവർത്തികൾ ഒറ്റ പ്രവൃത്തിയായി പൂർത്തിയാക്കണം.

1.പുത്തൻ വീട്ടിൽ ജംഗ്ഷൻ -ഹരിശ്രീ ജംഗ്ഷൻ റോഡ് കോൺക്രീറ്റ്.

പദ്ധതി നം.100/18-19
എസ്റ്റിമേറ്റ് തുക – 4,00,000/-രൂപ

തനത് ഫണ്ട്-4,00,000/-രൂപ

എം.ബുക്ക് നം.-42/18-19 ---3/10/18 മുതൽ 19/11/18 വരെ

ചെക്ക് നം-2246291/24-12-18
ചെലവു തുക – 3,99,977/-രൂപ

2.<u>പുത്തൻ വീട്ടിൽ ജംഗ്ഷൻ -ഹരീശ്രി ജംഗ്ഷൻ റോഡ് ഓടയ്ക്ക് കവറിംഗ് സ്ലാബ്</u>.

പദ്ധതി നം.159/18-19

മെയിന്റനൻസ് ഗ്രാന്റ് റോഡ്-1,45,000/-രൂപ

എം.ബുക്ക് നം.-291/18-19---19/11/18മുതൽ 3/12/18 വരെ

ബിൽ നം-47/21-12-18

ചെലവു തുക – 1,43145/-രൂപ

ഒന്നാമത്തെ പ്രവൃത്തിയിൽ ഓടയും, റോഡ് കോൺക്രീറ്റും, റോഡിന് കുറുകെ കവറിംഗ് സ്ലാബും രണ്ടാമത്തെ പ്രവൃത്തിയിൽ ഓടയ്ക്ക് കവറിംഗ് സ്ലാബും നിർമ്മിച്ചു.ഒരേ സ്ഥലത്തുള്ള ഈ പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടത്താതെ ഘട്ടം ഘട്ടമായി ടെണ്ടർ ക്ഷണിച്ച് ഒരേ കോൺട്രാക്ടർ മുഖാന്തിരമാണ് നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പുലിത്തിട്ട ക്ഷേത്രം തോട്ടിൻകര തോട് റോഡ് കോൺക്രീറ്റിംഗ് എന്ന പദ്ധതി ഫണ്ടിന്റെ അപര്യപ്തത മൂലം ആവശ്യമായ നീളത്തിൽ പൂർത്തീകരിക്കാൻ സാധ്യമല്ലാത്തതിനാൽ ഈ പദ്ധതി പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഉപേക്ഷിക്കുകയുണ്ടായി എന്നും ആയതിന് വകയിരുത്തിയ തുക ഉപയോഗിച്ച് രണ്ടാം ഘട്ടമായി പുത്തൻ വീട്ടിൽ ജംഗ്ഷൻ -ഹരീശ്രി ജംഗ്ഷൻ റോഡ് ഓടയ്ക്ക് കവറിംഗ് സ്ലാബ് പദ്ധതി നടപ്പിലാക്കി എന്നും അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകി. ഇതുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനയിൽ രണ്ടാം ഘട്ട പ്രവർത്തിയായ ഓടയ്ക്ക് കവറിംഗ് സ്ലാബ് നിർമ്മാണവും ആദ്യപ്രവൃത്തിയോടൊപ്പം നടപ്പിലാക്കിയതിനാൽ ഈ റോഡിലൂടെ സുരക്ഷിതമായി ഗതാഗതം നടത്താവുന്ന സ്ഥിതിയിലാണ്.

പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടുകൾ വിവിധ വാർഡുകളിലേക്ക് /ഒരേ വാർഡുകളിലേക്കുള്ള വിവിധ പ്രവർത്തികൾക്ക് വിഭജിച്ച് നൽകി പ്രവർത്തികളുടെ എണ്ണം വർദ്ധിപ്പിക്കുകയും, പിന്നീട് പൂർത്തീകരിക്കാൻ കഴിയാതെ വരുകയും ചെയ്യും. ഈ രീതിയിൽ ഫണ്ട് വിഭജനം നടത്തുമ്പോൾ ഒറ്റ തവണയായി തീർക്കേണ്ട ഒരു അനിവാര്യപ്രവൃത്തി ഫണ്ടിന്റെ കുറവ് മൂലം ഭാഗികമായി പൂർത്തിയാക്കേണ്ടിയും വരുന്നു. ടെണ്ടർ നടപടികളുടെ സുതാര്യതയും നഷ്ടപ്പെടുന്നു. ആയതിനാൽ ലഭ്യമാക്കുന്ന ഫണ്ടുകൾ വാർഡുകളിലെ അനിവാര്യമായ പ്രവൃത്തികൾക്ക് മുൻതൂക്കം നൽകി ഒറ്റ തവണയായി പൂർത്തിയാക്കുന്നതിന് നിർവ്വഹണോദ്യഗസ്ഥരും, പഞ്ചായത്ത് അധികൃതരും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 പാലിന് സബ്സിഡി-അധിക ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചല്ല

(പദ്ധതി നം-104/19)

അടങ്കൽ തുക – 7,00,000/-രൂപ

വികസന ഫണ്ട്- -5,00,000/- രൂപ

ജില്ലാപഞ്ചായത്ത്- 2,00,000/- രൂപ

ചെലവഴിച്ച തുക -- ബിൽ നം.1/30-11-18, 99,368/- രൂപ

2/30-11-18 , തുക – 95,356/- രൂപ

3/30-11-18 ,92,904/- രൂപ

4/30-11-18 , 1,01,664/- രൂപ

5/29-1-19 , 1,10,708/- രൂപ

ചെക്ക് നമ്പർ – 2642357/25-2-19 , 1,33,670 /- രൂപ

ചെക്ക് നമ്പർ – 2642358/25-2-19 ,66330/-രൂപ

നിർവ്വഹണോദ്യാഗസ്ഥ-ഡയറി ഫാം ഇൻസ്പെക്ടർ

പഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന 284 ക്ഷീരകർഷകർക്ക് ലിറ്ററിന് 3/-രൂപ 35 പൈസ എന്ന ക്രമത്തിൽ 2018 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 7,00,000/-രൂപ നൽകി.ഇതിൽ 212 ക്ഷീരകർഷകർ ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവരാണെങ്കിലും ഇവർക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധിക ഗുണഭോക്തൃ ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ സാധൂകരണം നേടുന്നതാണ് എന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. ആയതിന്റെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ-9/27-6-19**

## 3-8 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്ത ബോർഡ് സ്ഥാപിക്കാൻ കുടുംബശ്രീക്ക് അനുമതി.

2018-19 വർഷം നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളായ അഗ്രി നഴ്സറി യൂണിറ്റ്,ഭൂവികസന പദ്ധതികൾ,ജലസംരക്ഷണ പ്രവൃത്തികൾ എന്നിവയുടെ എസ്റ്റിമേറ്റ്, എം.ബുക്ക് എന്നിവ പ്രകാരം പദ്ധതി പ്രദേശത്ത് 3,000/-രൂപ വീതം വില വരുന്ന ബോർഡുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 36 പദ്ധതികളിലായി 1,08,000/- രൂപ ഈ ഇനത്തിൽ കരാറുകാരന് അനുവദിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നാളിതുവരെ ബോർഡ് സ്ഥാപിക്കൽ കരാറുകാരൻ പൂർത്തിയാക്കിയിട്ടില്ലാത്തിനാൽ തുക നൽകിട്ടില്ലാത്തതിനാൽ ഈ പ്രവൃത്തികൾ കുടുംബശ്രീ വഴി പൂർത്തികരിക്കാൻ തിരുമാനിച്ചു എന്ന് എഞ്ചീനിയർ അറിയിച്ചു. 2018-19 ൽ പൂർത്തിയായ പദ്ധതികൾക്ക് ഇനി കുടുംബശ്രീ വഴി ബോർഡ് സ്ഥാപിക്കുന്നതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവർത്തിസ്ഥലത്ത് ബോർഡ് സ്ഥാപിച്ച് ആയതിന്റെ ഫോട്ടോ ഉൾകൊള്ളിച്ച് ജീയോടാഗ് ചെയ്താൽ മാത്രമേ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് മിഷന്

പ്രവർത്തി പൂർത്തിയായതായി അംഗീകരിക്കുകയുള്ളു എന്ന മറുപടി നൽകി. സമയബന്ധിതമായി ബോർഡ് സ്ഥാപിക്കാതെ പ്രവർത്തി പൂർത്തിയാക്കി മാസങ്ങൾക്ക് ശേഷം ബോർഡ് സ്ഥാപിക്കാൻ തീരുമാനം എടുത്തത് പഞ്ചായത്തിന്റെ വിഴ്ചയാണ് ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് മിഷനുമായി ചർച്ച നടത്തി മിഷന്റെ നിർദ്ദേശ പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 14/01.07.2019**

## 3-9 ലൈഫ് ഭവനനിർമ്മാണ പദ്ധതി -അവലോകനം.

2018-19 സാമ്പത്തികവർഷം ജനറൽ, എസ്.സി. വിഭാഗങ്ങളിലായി അർഹരായ 116 പേർക്ക് പൊതുവിഭാഗം സാധാരണ വിഹിതം (വികസനഫണ്ട്), 34,79,800/-രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 14,49,388/-രൂപ (കെ.യു.ആർ.ഡി.എഫ്.സി), ജില്ലാ പഞ്ചായത്ത് വിഹിതം 14,39,294/-രൂപ, കെ.യു.ആർ,ഡി.എഫ്.സി ലോൺ 4,00,31,518/-രൂപ ഉൾപ്പെടെ 4,64,00,000/-രൂപ അടങ്കൽ വകയിരുത്തിയെങ്കിലും എഗ്രിമെന്റ് വച്ച 105 പേർക്ക് 4,00,000/- രൂപ വച്ച് 4,20,00,000/- രൂപ ആവശ്യകത നിശ്ചയിച്ചു. പ്രസ്തുത പദ്ധതിയുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

പൊതുവിഭാഗം സാധാരണ വിഹിതം(വികസനഫണ്ട്), 34,79,800/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 14,49,388/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം 11,73,326/-രൂപ

ലോൺ(കെ.യു.ആർ,ഡി.എഫ്.സി) 1,36,17,486/-രൂപ

ജനറൽ വിഭാഗത്തിൽ നാളിതുവരെ 18 പേരും,എസ്.സി വിഭാഗത്തിൽ 3 പേരും വീട് പൂർത്തീകരിച്ചിട്ടുണ്ട്.

വിവിധ സ്റ്റേജസ് പൂർത്തീകരിച്ചവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Basement 9 G, 1Sc

Lintel 25 G , 3SC

Roof 35G , 1SC

ഫണ്ട് വിനിയോഗം (എസ്.സി വിഭാഗം)

വകയിരുത്തൽ , ചെലവ്

വികസനഫണ്ട് (എസ്.സി.പി) 14,95,000/- രൂപ, 14,95,000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 8,46,626 /-രൂപ, 2,85,000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം 3,35,397/-രൂപ

ലോൺ (കെ.യു.ആർ,ഡി.എഫ്.സി) 25,22,977/-രൂപ

ആകെ 52,00,000/-രൂപ, 17,80,000/-രൂപ

ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതി ലഭ്യമാക്കേണ്ടതുമാണ്.

## 3-10 കർഷക ഗ്രൂപ്പുകൾക്ക് കാട് വെട്ടി യന്ത്രം-രജിസ്ട്രഷൻ രേഖകളില്ല. 69,933/-രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം.158/19

അടങ്കൽ തുക-76,926/-രൂപ

വികസന ഫണ്ട്-69,933/-രൂപ

ഗുണ:വിഹിതം-6,993/-രൂപ

ബിൽ നം-5/19-12-18=69,933/-രൂപ

ഇൻവോയ്സ് നം.HDD/1537/2018-19, തീയതി – 28/11/2018 -77,703/- രൂപ (65850 + 11853)

നിർവ്വഹണോദ്യോഗസ്ഥൻ-കൃഷി ഓഫീസർ

ഹരിത, അംബേദ്കർ, ശിവം എന്നി മൂന്ന് കർഷകഗ്രൂപ്പുകൾക്കാണ് കാട് വെട്ടി യന്ത്രം റെയിഡ്ക്കോയിൽ നിന്ന് വാങ്ങി നൽകിയത്. ഒരു യന്ത്രത്തിന് 21,950/-രൂപ + ജി.എസ്.ടി ഉൾപ്പെട 77,703/-രൂപയുടെ ഇൻവോയ്സാണ് റെയ്ഡോ നൽകിയത്. സർക്കാർ ഉത്തരവ് നം.22/2018 തസ്വഭവ 14/2/18 സബ്സിഡി മാർഗ്ഗരേഖ പ്രകാരം രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾക്ക് മാത്രമേ യന്ത്രങ്ങൾ വാങ്ങി നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2018-19ലെ രജിസ്ട്രേഷൻ രേഖകൾ ആവശ്യപ്പെട്ടു കൊണ്ടു ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് നിർവ്വഹ ണോദ്യഗസ്ഥ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തിനാൽ കാട് വെട്ടി യന്ത്രം വാങ്ങുന്നതിന് നൽകിയ 69,933/- രൂപ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി-2/20-6-2019**
**തടസ്സപ്പെടുത്തിയ തുക – 69,933/-രൂപ**

## 3-11 പാലിയേറ്റീവ് കെയർ- മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാൻ ശേഷിക്കുന്നു.

| | |
|---|---|
| പദ്ധതി . നമ്പർ | 46/2019 |
| പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 5,00,000 |
| ചെലവ് | 3,86,340 |

**<u>1. ഉപകരണങ്ങൾ വാങ്ങൽ</u>**

മേൽ പദ്ധതിയിൽ ബിൽ നമ്പർ 04/2018-19 തീയതി 26.09.2018 പ്രകാരം ചെലവഴിച്ച 92,000/- രൂപയിൽ 45,044/- രൂപയ്ക്ക് താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനായി ഇൻവോയ്സ് നമ്പർ ടി.എസ്.ബി/എം.കെ.റ്റി.ജി/786/2018-2019 തീയതി 05.09.2018 പ്രകാരം കെൽട്രാണിന് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1. | എയർബെഡ് | 4 |
| 2. | ഫോളിസ് കത്തീറ്റർ | 34 |
| 3. | യൂറിൻ കളക്ഷൻ ബാഗ് | 100 |

എന്നാൽ ഈ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയിയ എൻക്വയറിയ്ക്ക് ഉപകരണങ്ങൾ ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് അറിയക്കുന്നതാണ് എന്നും മറുപടി ലഭിച്ചു. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**<u>2. മരുന്ന് വാങ്ങൽ</u>**

മേൽ പദ്ധതിയിൽ ബിൽ നമ്പർ 04/2018-19 തീയതി 26.09.2018 പ്രകാരം ചെലവഴിച്ച. 92,000/- രൂപയിൽ 46,956/- രൂപയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 1177 തീയതി 12.09.2018 പ്രകാരം കെ.എം.എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 22,622/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളു.

ശേഷിക്കുന്ന 24,334/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയിയ എൻക്വയറിയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ് എന്നും മറുപടി ലഭിച്ചു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**എൻക്വയറി നമ്പർ – 03 /21.06.2019**

# 3-12 സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തി

| | | | |
|---|---|---|---|
| പദ്ധതി നമ്പർ | | എസ്.ഒ141/2019 | |
| പേര് | | വയോജന പരിപാലനം | |
| ഫണ്ട് | | വികസന ഫണ്ട് | |
| അടങ്കൽ | | 3,00,000 | |
| ചെലവ് | ബിൽ നമ്പർ | 01/2017-2018/30.05.2018 | 34,220 |

| | | | |
|---|---|---|---|
| | ബിൽ നമ്പർ | 10/2017-2018/21.02.2019 | 19,284 |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണം നടത്തിയ വയോജന പരിപാലനം എന്ന പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നിർവ്വഹണം നടത്തിയത്.

ജി.ഒ എം.എസ്-22/2018 ത.സ്വ.ഭ.വ. 14/2/18, ( ഖ. 7.5.5) സബ്സിഡി മാർഗ്ഗ രേഖയിൽ വയോജനങ്ങളുടെ ക്ഷേമത്തിനും ആരോഗ്യ പരിപാലനത്തിനുമായി ആയുഷുമായി ചേർന്ന് വയോജനങ്ങൾക്കായി യോഗാ പരിശീലനം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിലേക്കായി അംഗീകൃത സർവ്വകലാശാലാ ബിരുദമായ BNYS അല്ലെങ്കിൽ തത്തുല്ല്യ യോഗ്യത നേടിയവരേയോ യോഗ അസോസിയേഷൻ/ സ്പോർട്ട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യതയുള്ളവരെയും യോഗപരിശീലകരായി നിശ്ചയിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിശ്ചിത യോഗ്യത ഇല്ലാത്ത ശ്രീ. ഉദയഭാനു എന്ന വ്യക്തി പരിശീലനം നൽകി ഓണറേറിയം കൈപ്പറ്റിയതായി ബോദ്ധ്യപ്പെട്ടു. വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ മുന്നിൽ കണ്ടുള്ള ഈ പദ്ധതിയിൽ നിശ്ചിത യോഗ്യത നേടാത്ത പരിശീലകർ മുഖേന പരിശീലനം നൽകാതിരിക്കുന്നത് വയോജനങ്ങളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്

ഈ പദ്ധതി ആയുഷുമായി ചേർന്നുള്ളതും നിശ്ചിത യോഗ്യത മാനദണ്ഡം പാലിക്കുന്ന പരിശീലനം ഉൾപ്പെട്ടിട്ടുള്ളതാണോ എന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് പ്രോജക്ട് സമയ ബന്ധിതമായി പൂർത്തിക്കരിക്കേണ്ടതിനാൽ ലഭ്യമായ യോഗ ഇൻസ്ട്രക്ടറെ വച്ച് ക്ലാസ് എടുത്തു എന്ന മറുപടിയാണ് ലഭിച്ചത്. ടി യോഗാമാസ്റ്ററുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിയ്ക്കായി ചെലവ് ചെയ്ത തുക തടസ്സപ്പെടുത്തുന്നു. യോഗാഇൻസ്ട്രക്ടറുടെ യോഗ്യത നിശ്ചയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും നിശ്ചിത യോഗ്യതയില്ലാത്തവരെ തെരഞ്ഞെടുത്തതിന് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. 3-21/06/2019**

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് | 2018-19 | 1,70,000 | തെങ്ങ് കൃഷി | 1,70,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വികസനം | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,70,000 | തെങ്ങ് കൃഷി വികസനം | 1,70,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 28,15,230 | ലൈഫ് ജനറൽ | 14,49,388 | 13,65,842 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 14,39,294 | ലൈഫ് ജനറൽ | 11,73,326 | 2,65,968 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 13,16,630 | ലൈഫ് എസ്.സി.പീ | 2,85,000 | 10,31,630 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3,35,397 | ലൈഫ് എസ്.സി.പീ | 0 | 3,35,397 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | അനുപൂരക പോഷക പരിപാടി. | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,00,000 | അനുപൂരക പോഷക പരിപാടി. | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,25,000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,25,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 90,200 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 90,200 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,00,000 | പാലിന് സബ്സിഡി. | 2,00,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെക്ക് നം. | തുക ₹ | ₹ | ബാക്കിയുള്ള തുക ₹ |
| കെ.എസ്.ഇ.ബി. കൃഷ്ണപുരം | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 963583/19-12-18 | 2,99,637 | 0 | 2,99,637 |
| കെ.എസ്.ഇ.ബി. ഓച്ചിറ | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 847863/24-11-18 | 12,93,516 | 0 | 12,93,516 |
| കേരള വാട്ടർ അതോറിറ്റി, കൊല്ലം | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 817292/19-11-18 | 21,00,000 | 0 | 21,00,000 |
| കേരള വാട്ടർ അതോറിറ്റി, കൊല്ലം | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | 963582/26-11-2018 | 85,500 | 0 | 85,500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പായിനത്തിൽ 1,36,17,486/-രൂപ വരവുണ്ട്. മുൻബാക്കി 0/- രൂപയടക്കം ടി തുകയിൽ 1,36,17,486/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | നെഫ്റ്റ് | 1,36,17,486 | ------ | ---- | ----- | 1,36,17,486 |

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| | |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 3-1 | 2006-2007 | 3-12-1 | എഫ്.റ്റി.എസ്. സൂപ്പർ ആനുവേഷന് ശേഷം സർവീസിൽ തുടർന്നു. | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,34,09,000 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,12,20,752 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,800 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 48,15,936 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 3-2 | 1800 | | ശ്രീ.എം.അബ്ദുൾ സലീം, വീ.ഇ.ഒ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,700 | ശ്രീ.എം.അബ്ദുൾ സലീം, വി.ഇ.ഒ |
| 3-3 | 2,75,000 | ശ്രീ.എം.അബ്ദുൾ സലീം, വി.ഇ.ഒ |
| 3-4.1 | 5,00,000 | ശ്രീ.ജോൺസൺ പീറ്റർ കാർഡോസേ്. സെക്രട്ടറി |
| 3-4.2 | 37,78,653 | ശ്രീ.ജി.രാധാകൃഷ്ണൻ.സെക്രട്ടറി |
| 3-5 | 1,89,650 | ശ്രീമതി.എച്ച്.അപ്രസ്സ് ജഹാൻ,ഹെഡ്മിസ്ട്രസ്. |
| 3-10 | 69,933 | ശ്രീമതി.സുമറാണി.പീ.കൃഷി ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോൺസൺ പീറ്റർ കാർഡോസേ്, സെക്രട്ടറി | വിരമിച്ചു. | കാർഡോസ് വില്ല, ചവറ |
| ശ്രീ.ജി.രാധാകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി,ഓച്ചിറ ഗ്രാമപഞ്ചായത്ത് | പായിക്കാട്ട്ശ്ശേരിൽ, പ്രയാർ സൗത്ത്, ക്ലാപ്പന |
| ശ്രീ.എം.അബ്ദുൾ സലീം, വി.ഇ.ഒ | എക്സ്റ്റൻഷൻ ഒാഫീസർ (വിമൻസ് വെൽഫയർ) മാടപ്പള്ളി, കോട്ടയം | കൊച്ചുതറയിൽ -ദാറുൾ ഹദാദ്, വടക്കുംതല.പി.ഒ, കരുന്നാഗപ്പള്ളി. |

| | | |
|---|---|---|
| ശ്രീമതി.സുമറാണി.പി.<br>കൃഷി ഓഫീസർ | കൃഷിഓഫീസർ, ഓച്ചിറ ഗ്രാമപഞ്ചായത്ത് | സുനന്ദനം,<br>ഗോവിന്ദമുട്ടം.പി.ഒ.<br>കായംകുളം. |
| ശ്രീമതി.എച്ച്.അപ്രസ്സ് ജഹാൻ,<br>ഹെഡ്മിസ്ട്രസ്. | ഹെഡ്മിസ്ട്രസ്.,<br>ഓച്ചിറ ഗ്രാമപഞ്ചായത്ത് | കുഞ്ഞനാടീയിൽ,<br>മേമന, ഓച്ചിറ പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 7 |
| 1996-97 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2001-2002 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2002-2003 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 2 |
| 2003-2004 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2004-05 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 4 |
| 2005-2006 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2007-2008 | കെ.എസ്.കെ.എൽ.എം.പി 8/722(1)/19 29.05.2019 | 1 |
| 2008-2009 | കെ.എസ്.കെ.എൽ.എം.പി 8/722(2)/19 29.05.2019 | 3 |
| 2009-2010 | കെ.എസ്.കെ.എൽ.എം.പി 8/722(3)/19 29.05.2019 | 3 |
| 2010-2011 | കെ.എസ്.കെ.എൽ.എം.പി 8/722(4)/19 | തീർപ്പാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| 2011-2012 | 29.05.2019 | |
| 2012-2013 | എൽ.എഫ്.ക്യൂ. പി2 -878/14തീയതി. 16.02.15 | 6 |
| 2013-2014<br>2014-2015 | കെ.എസ്.എ.കെ.എൽ.എം-2/2241/15/26.12.2015 | 14 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-2/1840/16;05.01.2017 | 10 |
| 2016-17 | കെ.എസ്.എ.കെഎൽ.എം-8/1976/17;25.4.2018 | 11 |
| 2017-18 | കെ.എസ്.എ.കെഎൽ.എം-<br>പി8/1894/18;14/3/19--28/319 | 24 |

**ഡെപ്യൂട്ടി ഡയറക്ടർ,**

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം 2018 -2019</u>

കെ.എസ്.എ-കെ.എൽ.എം-പി8/1034/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in

തീയതി :08/08/2019

## <u>ഓഡിറ്റ് സാക്ഷ്യപത്രം 2018 – 19</u>

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പം,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പം അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19ലെ** വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക **ഓച്ചിറ ഗ്രാമ പഞ്ചായത്തിന്റെ 2018-19**ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പം ജ്രൂൺ 12ലെ ജി.ഒ.(പി). 319/2003/ ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

No.KSA.KLM.P8/1034/2019 , Dated – 08/08/2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Oachira Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Oachira Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

## അനുബന്ധം-2 പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**